# കെ.പി ഹൈദരലി മാസ്റ്റർ

**മലപ്പുറത്തിനടുത്ത** മുണ്ടുപറമ്പ് ചേരി പ്രസ്ഥാന ഘടകത്തിലെ കാരണവരും മലപ്പുറം പ്രാദേശിക ജമാഅത്ത് അംഗവുമായിരുന്നു കെ.പി ഹൈദരലി മാസ്റ്റർ.

ഈയിടെ ദൽഹിയിൽ നടന്ന ജമാഅത്ത് അംഗങ്ങളുടെ അഖിലേന്ത്യാസമ്മേളനത്തിൽ ആരോഗ്യപരമായ കാരണങ്ങളാൽ അദ്ദേഹത്തിന് പങ്കെടുക്കാൻ സാധിച്ചിരുന്നില്ല. ദൽഹിയിൽനിന്ന് തിരിച്ചെത്തിയ ഉടനെ ഈയുള്ളവനെ വിളിച്ച് സമ്മേളനത്തിന്റെ മുഴുവൻ വിശദാംശങ്ങളും അന്വേഷിച്ചറിഞ്ഞു. ഫെബ്രുവരി മാസത്തിലെ സംസ്ഥാന സമ്മേളനത്തിൽ പങ്കെടുക്കണമെന്ന് ആഗ്രഹം പ്രകടിപ്പിക്കുകയും ചെയ്തു. ഫെബ്രുവരി 12,13 തീയതികളിലായി പത്തിരിപ്പാല മൗണ്ട് സീനയിൽ നടന്ന സമ്മേളനത്തിലും പക്ഷേ അദ്ദേഹത്തിന് സംബന്ധിക്കാനായില്ല.

പ്രസ്ഥാന പ്രവർത്തകർക്ക് പകർത്താൻ ഒട്ടുവളരെ ഉദാത്തമാതൃകകൾ ബാക്കിവെച്ചുകൊണ്ടാണ് ഹൈദരലി മാസ്റ്റർ യാത്രയായത്. ജീവിതത്തിലെ ലാളിത്യവും പെരുമാറ്റത്തിലെ വിനയവും തന്നെ അതിൽ മുഖ്യം. നമസ്കാരങ്ങൾ അതിന്റെ ആദ്യ വഖ്ത്തിൽ തന്നെ പള്ളിയിൽ പോയി ജമാഅത്തായി നിർവഹിക്കുന്നതിൽ അദ്ദേഹം പുലർത്തിയിരുന്ന നിഷ്ഠയാണ് മറ്റൊന്ന്.



ഹൈദരലി സാഹിബിന്റെ വീടിന്റെ തൊട്ടരികിലായി ഒരു നമസ്കാരപ്പള്ളി ഉദ്ഘാടനം ചെയ്യപ്പെട്ടത് നാല് വർഷം മുമ്പാണ്. അതുവരെ ഒരു കിലോമീറ്ററിലധികം അകലെയാണ് ജമാഅത്ത് നമസ്കാരങ്ങളിൽ പങ്കെടുക്കാനുള്ള സൗകര്യമുണ്ടായിരുന്നത്. എന്നിട്ടും ജമാഅത്തുകളിൽ പങ്കെടുക്കാൻ മാത്രമായി വെയിലും മഴയും മഞ്ഞും വകവെക്കാതെ അദ്ദേഹം അഞ്ച് നേരവും പള്ളിയിലെത്തുമായിരുന്നു. വീടിന് തൊട്ടരികെ ഒരു പള്ളി ഉയർന്ന് വന്നപ്പോൾ ആരും പറയാതെയും ഏൽപിക്കാതെയും ബാങ്ക് വിളി അദ്ദേഹം ഏറ്റെടുത്തു. അസുഖം കലശലായ സന്ദർഭങ്ങളിലൊഴികെ മരണം വരെ അദ്ദേഹമത് തുടരുകയും ചെയ്തു.

സർവശക്തനായ നാഥൻ അദ്ദേഹത്തെയും കുടുംബത്തെയും ബന്ധുമിത്രാദികളെയും സഹപ്രവർത്തകരെയും അവന്റെ അനുഗൃഹീതമായ സ്വർഗീയാരാമത്തിൽ ഒരുമിച്ച് കൂട്ടുമാറാകട്ടെ.

**സി.എച്ച് അബ്ദുൽഖാദിർ**

# സി.കെ അബ്ദുൽ ലതീഫ്

**'നാളേക്ക്** എന്താണ് ഒരുക്കിവെച്ചിട്ടുള്ളതെന്ന് ഒരാൾക്കുമറിയില്ല. ഭൂമിയുടെ ഏത് ഭാഗത്തുവെച്ചാണ് മരിക്കുക എന്ന് ഒരാൾക്കുമറിയില്ല. അല്ലാഹു എല്ലാം സൂക്ഷ്മമായി അറിയുന്നു.' ഖുർആൻ അധ്യാപനം മനസ്സിലുണ്ടെങ്കിലും സഹോദരൻ അബ്ദുൽ ലത്വീഫിന്റെ(ചെലൂർ, കൂട്ടിലങ്ങാടി) വേർപാട് ഉൾക്കൊള്ളാനാവുന്നില്ല. അടുത്ത കാലത്തായി രിയാദിലെ സാമൂഹ്യപ്രവർത്തന രംഗത്ത് നിറസാന്നിധ്യമായിരുന്ന അബ്ദുൽ ലത്വീഫിനെ കഴിഞ്ഞ ഫെബ്രുവരി 23-ന് ബുധനാഴ്ച ഉച്ചയോടെ രിയാദിലെ താമസസ്ഥലത്ത് മരിച്ച നിലയിൽ കണ്ടെത്തുകയായിരുന്നു.

ജമാഅത്തെ ഇസ്‌ലാമി കൂട്ടിലങ്ങാടി പ്രാദേശിക ഘടകത്തിന്റെ നേതൃത്വത്തിൽ മതരാഷ്ട്രീയ പരിഗണനകൾക്ക് അതീതമായി രൂപീകരിച്ച KREPA (Koottilangadi Releif Providers Association)യുടെ നേതൃസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടാണ് പൊതുരംഗത്തേക്ക് പ്രവേശിക്കുന്നത്. തുടർന്ന് മരണം വരെയും മലപ്പുറത്തും പരിസരപ്രദേശത്തുമുള്ളവരുടെ റിയാദിലെ സുസംഘടിത കൂട്ടായ്മയായ 'റിമാലി'ന്റെ നേതൃസ്ഥാനത്ത് പ്രവർത്തിച്ചുവരികയായിരുന്നു. എപ്പോഴും സുസ്മേരവദനനായി കാണാറുള്ള പരേതൻ ഏൽപിക്കപ്പെടുന്ന ഉത്തരവാദിത്വങ്ങൾ കൃത്യമായും കണിശമായും നിർവഹിക്കുന്നതിൽ സദാ ജാഗരൂകനായിരുന്നു. വലിയൊരു സുഹൃദ് വലയത്തിനുടമയായിരുന്നു അബ്ദുൽ ലത്വീഫ്. ഔദ്യോഗിക നടപടിക്രമങ്ങൾ പൂർത്തിയാക്കി മൃതദേഹം നാട്ടിലെത്തിക്കുന്നതിൽ പരേതൻ ജോലി ചെയ്തിരുന്ന കമ്പനി അധികൃതരും റിയാദ് മലപ്പുറം കൂട്ടായ്മയിലെ സഹപ്രവർത്തകരും കാണിച്ച ആത്മാർഥത പ്രശംസനീയമായിരുന്നു.

അല്ലാഹുവേ, ഞങ്ങളുടെ സഹോദരനിൽനിന്ന് വന്നുപോയ വീഴ്ചകൾ പൊറുക്കുകയും സൽക്കർമങ്ങൾക്ക് അർഹമായ പ്രതിഫലം നൽകി നിന്റെ സ്വർഗീയ ആരാമത്തിൽ പ്രവേശിപ്പിക്കുകയും ചെയ്യേണമേ. ആമീൻ.

**സി.എച്ച് മുഹമ്മദലി, റിയാദ്**
chmali55@gmail.com